**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4580** **10-08-2021 - ൽ മറുപടിയ്ക്ക്**

**താലോലം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഹോർമോൺ കുറവ് കാരണം ഉയരക്കുറവ്, വളർച്ചക്കുറവ് എന്നിവ നേരിടുന്ന കുട്ടികൾക്ക് ചികിത്സയുടെ ഭാഗമായ മരുന്നുകൾക്ക് വലിയ വില നൽകേണ്ടി വരുന്നതിനാൽ ഈ വിഭാഗം വിദ്യാർത്ഥികളുടെ ചികിത്സാ ചെലവ് താലോലം പദ്ധതിയിൽ ഉൾപ്പെടുത്തുമോ; വിശദമാക്കാമോ; | (എ) | ജന്മനായുള്ള ഹൃദയവൈകല്യങ്ങളാലും ജനിതക രോഗങ്ങളാലും മറ്റ് ഗുരുതര രോഗങ്ങളാലും കഷ്ടപ്പെടുന്ന 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിക്കുന്ന പദ്ധതിയാണ് താലോലം. ടി പദ്ധതിയിൽ ശസ്ത്രക്രിയ ആവശ്യമുള്ള വൃക്ക വൈകല്യങ്ങൾ, ഹൃദയ വൈകല്യങ്ങൾ, സെറിബ്രൽ പാൾസി, ഹീമോഫീലിയ, താലസ്സീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥിവൈകല്യങ്ങൾ, ഞരമ്പു സംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങൾക്ക് സൗജന്യ ചികിത്സ ലഭ്യമാണ്. എൻഡോസൾഫാൻ കീടനാശിനി ഉപയോഗത്തെ തുടർന്ന് കാസർഗോഡ് ജില്ലയിലെ രോഗബാധിതരുടെ ചികിത്സാ ചെലവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നു. കൂടാതെ ഡയാലിസിസ് നടത്തുന്നതിനും ശസ്ത്രക്രിയ ചെയ്യുന്നതിനും അവയവങ്ങൾ മാറ്റിവെയ്ക്കുന്നതിനും ആവശ്യമായ ചെലവുകൾ, അത്യാഹിത സന്ദർഭങ്ങളിൽ ജീവൻ രക്ഷിക്കുന്നതിനാവശ്യമായ എല്ലാ ചികിത്സയ്ക്കും സർജറിയ്ക്കും വേണ്ടുന്ന ചെലവുകൾ എന്നിവ സ്വന്തമായി വഹിക്കാൻ കഴിയാത്തവിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികൾക്ക് ഈ പദ്ധതിയിലൂടെ നിലവിൽ സഹായം ലഭ്യമാണ്. കൂടാതെ സാമൂഹ്യ സുരക്ഷാ മിഷന്റെ വി കെയർ പദ്ധതി മുഖേന വളർച്ചാ കുറവ് നേരിടുന്ന കുട്ടികൾക്ക് ഗ്രോത്ത് ഹോർമോൺ ഇഞ്ചക്ഷനുള്ള മരുന്ന് അനുവദിച്ചിട്ടുണ്ട്. മറ്റ് പദ്ധതികളിലൊന്നും ഉൾപ്പെട്ടിട്ടില്ലാത്ത സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ള കുടുംബങ്ങളിലെ കുട്ടികൾക്കാണ് ഈ സഹായം അനുവദിച്ചിട്ടുള്ളത്. |
| (ബി) | ഹോർമോൺ കുറവ് മൂലമുണ്ടാകുന്ന ഇത്തരം ശാരീരിക വളർച്ചക്കുറവ് അനുഭവിക്കുന്ന കുട്ടികളുടെ ചികിത്സാ ചെലവിന് സാമൂഹ്യനീതി വകുപ്പ് വഴി | (ബി) | ജന്മനായുള്ള ഹൃദയവൈകല്യങ്ങളാലും ജനിതക രോഗങ്ങളാലും മറ്റ് ഗുരുതര രോഗങ്ങളാലും കഷ്ടപ്പെടുന്ന 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിക്കുന്ന |

| | | | |
|---|---|---|---|
| | ധനസഹായം നൽകാൻ നിലവിൽ വ്യവസ്ഥയുണ്ടോ; വിശദ വിവരം നൽകാമോ; | | പദ്ധതിയാണ് താലോലം. ടി പദ്ധതിയിൽ ശസ്ത്രക്രിയ ആവശ്യമുള്ള വൃക്ക വൈകല്യങ്ങൾ, ഹൃദയ വൈകല്യങ്ങൾ, സെറിബ്രൽ പാൾസി, ഹീമോഫീലിയ, താലസ്സീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥിവൈകല്യങ്ങൾ, ഞരമ്പ് സംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങൾക്ക് സൗജന്യ ചികിത്സ ലഭ്യമാണ്. എൻഡോസൾഫാൻ കീടനാശിനി ഉപയോഗത്തെ തുടർന്ന് കാസർഗോഡ് ജില്ലയിലെ രോഗബാധിതരുടെ ചികിത്സാ ചെലവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നു. കൂടാതെ ഡയാലിസിസ് നടത്തുന്നതിനും ശസ്ത്രക്രിയ ചെയ്യുന്നതിനും അവയവങ്ങൾ മാറ്റിവെയ്ക്കുന്നതിനും ആവശ്യമായ ചെലവുകൾ, അത്യാഹിത സന്ദർഭങ്ങളിൽ ജീവൻ രക്ഷിക്കുന്നതിനാവശ്യമായ എല്ലാ ചികിത്സയ്ക്കും സർജറിയ്ക്കും വേണ്ടുന്ന ചെലവുകൾ എന്നിവ സ്വന്തമായി വഹിക്കാൻ കഴിയാത്തവിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികൾക്ക് ഈ പദ്ധതിയിലൂടെ നിലവിൽ സഹായം ലഭ്യമാണ്. കൂടാതെ സാമൂഹ്യ സുരക്ഷാ മിഷന്റെ വി കെയർ പദ്ധതി മുഖേന വളർച്ചാ കുറവ് നേരിടുന്ന കുട്ടികൾക്ക് ഗ്രോത്ത് ഹോർമോൺ ഇഞ്ചക്ഷനുള്ള മരുന്ന് അനുവദിച്ചിട്ടുണ്ട്. മറ്റ് പദ്ധതികളിലൊന്നും ഉൾപ്പെട്ടിട്ടില്ലാത്ത സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ള കുടുംബങ്ങളിലെ കുട്ടികൾക്കാണ് ഈ സഹായം അനുവദിച്ചിട്ടുള്ളത്. |
| (സി) | നിലവിൽ അപ്രകാരം ധനസഹായം നൽകാൻ വ്യവസ്ഥയില്ലെങ്കിൽ, ഇത്തരക്കാർക്കായി പുതിയ ഏതെങ്കിലും പദ്ധതി ആരംഭിക്കുമോ; വിശദീകരിക്കാമോ? | (സി) | വി കെയർ പദ്ധതി മുഖേന, വളർച്ചാ കുറവ് നേരിടുന്ന കുട്ടികൾക്ക് ഗ്രോത്ത് ഹോർമോൺ ഇഞ്ചക്ഷനുള്ള മരുന്ന് KMSCL മുഖേന അർഹതയ്ക്കനുസരിച്ച് അനുവദിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ